**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292** **09-10-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അന്ധരായ രോഗികൾ, കാൻസർ, സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക രോഗം, ബുദ്ധിമാന്ദ്യം, കിടപ്പിലായ വയോധികർ മുതലായ രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിലൂടെ നൽകി വരുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽനിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അമ്പതുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ ആദ്യ ഗഡുവായി ലഭിച്ച പതിനേഴ് കോടി അമ്പതു ലക്ഷം രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും **2025 അഗസ്റ്റ് മാസം** വരെയുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2018 മാർച്ച് 31 ന് ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നല്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിൽ വിതരണം ചെയ്യുന്ന തുക വർദ്ധിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നുമുതൽ വർദ്ധിപ്പിച്ചു നൽകാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | സാദ്ധ്യത പരിശോധിക്കുന്നു |
| (സി) | ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഭിന്നശേഷി അവകാശനിയമത്തിലെ (RPWD Act-2016) വകുപ്പ് 38-ലെ വ്യവസ്ഥകൾ പ്രകാരം ഉയർന്ന പിന്തുണ (high support) ആവശ്യമുള്ള ഭിന്നശേഷിക്കാരുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അധികാരസ്ഥാനമായി സാമൂഹ്യനീതി ജോയിന്റ് ഡയറക്ടറെ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ